## പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 222** | **09.03.2015-ലെ മറുപടിക്ക്**

### ചന്ദ്രബോസിന്റെ കൊലപാതകം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. മാത്യു റ്റി. തോമസ്**<br>**ശ്രീ. ജോസ് തെറ്റയിൽ**<br>**ശ്രീ. സി.കെ. നാണു**<br>**ശ്രീമതി ജമീല പ്രകാശം** | | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂരിൽ ചന്ദ്രബോസിനെ മൃഗീയമായ രീതിയിൽ കൊലപ്പെടുത്തുന്നതിന് നേതൃത്വം നൽകിയ നിസ്സാമിന്റെ പേരിൽ എത്ര കേസ്സുകളാണ് നേരത്തെ ചാർജ്ജ് ചെയ്യപ്പെട്ടിരുന്നത്;<br>(ബി) അവ സംബന്ധിച്ച വിശദാംശങ്ങളും ആ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതിയും എന്തെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | ചന്ദ്രബോസ് കൊലക്കേസിലെ പ്രതിയായ മുഹമ്മദ് നിഷാമിനെതിരെ ടി കൊലക്കേസിന് പുറമെ 13 കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതിയും വിശദാംശങ്ങളും ഇതോടൊപ്പം അനുബന്ധം -I ആയി ചേർത്തിട്ടുണ്ട്. ഇതിനു പുറമേ ടിയാനെതിരെ കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 357/2013 u/s 66(A)(b) of IT (Amendment) Act & 506 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത കേസിന്റെ പ്രഥമ വിവര റിപ്പോർട്ട് ബഹു: കേരള ഹൈക്കോടതി 18.09.2014-ൽ ക്വാഷ് ചെയ്തിട്ടുണ്ട്. |
| (സി) നേരത്തെ ചാർജ്ജ് ചെയ്യപ്പെട്ട കേസുകളുടെ ചാർജ്ജ് ഷീറ്റുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ; | (സി) | ടിയാനെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ള 5 കേസുകളിലെ കുറ്റപത്രത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം - II ആയും കുറ്റപത്രത്തിന്റെ പകർപ്പ് നൽകാൻ സാധിക്കാത്ത കേസുകളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധം -III ആയും ചേർത്തിട്ടുണ്ട്. |
| (ഡി) ചന്ദ്രബോസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള FIRന്റെ പകർപ്പും അത് സംബന്ധിച്ച് നാളിതുവരെ കോടതിക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളുടെ പകർപ്പും സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ? | (ഡി) | ചന്ദ്രബോസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള എഫ്.ഐ.ആറിന്റെ പകർപ്പും കോടതിയിൽ നൽകിയിട്ടുള്ള അനുബന്ധരേഖകളും ഇതോടൊപ്പം അനുബന്ധം -IV ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്